"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പുനർവിന്യാസ സ്ഥലംമാറ്റം - പൊതുമരാമത്ത് വകുപ്പിലെ ക്ലർക്ക്, ശ്രീമതി രഞ്ജു വി-യെ പത്തനംതിട്ട ജില്ലാ പഞ്ചായത്തിലേയ്ക്ക് പുനർവിന്യസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1939/2023/LSGD തീയതി,തിരുവനന്തപുരം, 03-10-2023**

പരാമർശം:- 1. 17/08/2023-ലെ സ.ഉ.(സാധാ) നം.1677/2023/LSGD.

2. ശ്രീമതി രഞ്ജു വി-യുടെ 22/08/2023 -ലെ അപേക്ഷ.

**ഉത്തരവ്**

പൊതുമരാമത്ത് വകുപ്പിൽ നിന്നും വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് ക്ലർക്കുമാരെ പുനർവിന്യസിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവ് പ്രകാരം ശ്രീമതി രഞ്ജു വി-യെ പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് പുനർവിന്യസിച്ചിരുന്നു. എന്നാൽ ടിയാന്റെ നിരവധിയായ ആരോഗ്യപ്രശ്നങ്ങളും മറ്റ് ജീവിത സാഹചര്യങ്ങളും ചൂണ്ടിക്കാണിച്ചുകൊണ്ട് മാതൃവകുപ്പിൽ നിലനിർത്തുന്നതിനോ കൊടുമൺ, ഏഴംകുളം ഗ്രാമ പഞ്ചായത്തിലേക്കോ, പറക്കോട് ബ്ലോക്ക് പഞ്ചായത്തിലേക്കോ പത്തനംതിട്ട ജില്ലാ പഞ്ചായത്തിലേക്കോ നിയമനം മാറ്റി നല്കുന്നതിനോ ഉള്ള നടപടി സ്വീകരിക്കണമെന്ന് ശ്രീമതി രഞ്ജു. വി സൂചന (2) പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പൊതുമരാമത്ത് വകുപ്പിൽ നിന്നും പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് പുനർവിന്യസിച്ചിരുന്ന ശ്രീമതി രഞ്ജു വി -യ്ക്ക് മാനുഷിക പരിഗണന നൽകിക്കൊണ്ട്, പത്തനംതിട്ട ജില്ലാ പഞ്ചായത്തിൽ നിലവിലുള്ള ഒഴിവിലേയ്ക്ക് പുനർവിന്യാസ സ്ഥലംമാറ്റം അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

BALUMAHENDRA B

**ഡെപ്യൂട്ടി സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, എൽഎസ്ജിഡി, തിരുവനന്തപുരം.

ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (ഭരണ വിഭാഗം), തിരുവനന്തപുരം.

സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, പുളിക്കീഴ്.

സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, പത്തനംതിട്ട.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ, കേരള (ഓഡിറ്റ്), തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) ഡിപ്പാർട്ട്മെന്റ്.

(ഗവ.വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Suja M
Date: 03-10-2023 13:16:11

സെക്ഷൻ ഓഫീസർ